രണ്ടു സമുദ്രങ്ങൾ ഒന്നുപോലെയല്ല. ഒന്നിൽ കുടിക്കാൻ പറ്റുന്ന ശുദ്ധജലം. മറ്റേതിൽ വെറും ഉപ്പുവെള്ളം. രണ്ടിൽ നിന്നും നിങ്ങൾ പുതുമാംസം തിന്നുകയും അണിയാനുള്ള ആഭരണങ്ങൾ പുറത്തെടുക്കുകയും ചെയ്യുന്നു. ആ സമുദ്രജലത്തെ പിളർന്നുകൊണ്ട് കപ്പലുകളോടുന്നത് നിങ്ങൾക്കു കാണാം. നിങ്ങൾ ദൈവാനുഗ്രഹം തേടാനും നന്ദിയുള്ളവരാകാനും വേണ്ടിയാണത് (സൂക്തം: 8)



വാരാന്ത്യ കൗമുദി 2010



കവിത

# മഞ്ഞിന്റെ ചൂട്

കാര്യൂർ സോമൻ

കറുത്ത പുലരിയിൽ പെയ്തിറങ്ങുന്ന
മഞ്ഞിലാണ് പുതിയ ലോകം
വെടിമരുന്നിന്റെ നാളഗോപുരങ്ങളിൽ
അതൊരംബരചുംബി

നിങ്ങളെയ്തു വിട്ട ക്രൂരമ്പിൽ നിന്നും
എന്നിലേക്കിറങ്ങി വീണ
മകരമഞ്ഞിന്റെ ധാർഷ്ട്യശിഷ്ടം
അതത്രേ, പുതിയ ലോകം

കാരിരുമ്പിന്റെ മൂർദ്ധന്യതയിൽ
കണ്ടെടുത്ത മഞ്ഞിന്റെ
മലരിൽ വെയിലേറ്റു വാടിവീണ
സൂര്യമുഖത്തു നിന്നും
പൂമുഖത്തേയ്ക്കെത്തി നോക്കും,
ഈ മഞ്ഞിന്റെ ചൂട്.